# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 13, വ്യാഴം

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**കൃഷി വകുപ്പ് മന്ത്രി**

**ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി**

**ഗതാഗത വകുപ്പ് മന്ത്രി**

**ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി**

**മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി**

**<u>യു ജി സി മാർഗ്ഗനിർദ്ദേശങ്ങളിന്മേൽ നടപടി</u>**

*121 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാതെ ഫെഡറൽ സർക്കാരുകളുടെ അധികാരങ്ങളിൽ കടന്നു കയറുന്നതിനുവേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജനാധിപത്യ സംവിധാനങ്ങളെ ലക്ഷ്യമിട്ട് യു.ജി.സി. പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി മറ്റു സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാരെയടക്കം പങ്കെടുപ്പിച്ചു കൊണ്ട് വിപുലമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് തുച്ഛമായി മാത്രം പണം ചെലവിടുന്ന കേന്ദ്ര സർക്കാർ, യു.ജി.സി. മാർഗ്ഗനിർദ്ദേശങ്ങളിലൂടെ നടത്തുന്ന ഭരണഘടനാ ലംഘനത്തിനെതിരെ നിയമ പോരാട്ടങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>റോഡുകളിൽ ഏറ്റവും അപകടസാധ്യതയുള്ള സ്ഥലങ്ങൾ</u>**

*122 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും അപകടസാധ്യതയുള്ള സ്ഥലങ്ങൾ ചൂണ്ടിക്കാട്ടി നാഷനൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിങ് ആന്റ് റിസർച്ച് സെന്റർ (നാറ്റ്പാക്) റോഡ് സുരക്ഷാ അതോറിറ്റിക്കു റിപ്പോർട്ടുകൾ നൽകിയിരുന്നോ;

(ബി) എങ്കിൽ ഏതൊക്കെ വർഷങ്ങളിലാണ് റിപ്പോർട്ടുകൾ നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

## <u>പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത</u>

*123 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. എം. എം. മണി**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി ഘടക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) അത്യുല്പാദന ശേഷിയുള്ള പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>ലീഡ്സ് പദ്ധതി</u>

*124 **ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വിജ്ഞാന വ്യാപനത്തിന് ഊന്നൽ നൽകുന്നതിനായി 'ലീഡ്സ്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കൃഷിയിടങ്ങളിലെ പ്രശ്നങ്ങൾ വിദഗ്ധരുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന മറ്റ് കാർഷിക വിജ്ഞാന വ്യാപന പരിപാടികൾ എന്തൊക്കെയാണെന്ന വിശദാംശം ലഭ്യമാക്കുമോ?

## <u>ഹൈടെക് കൃഷി</u>

*125 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തരിശായിക്കിടക്കുന്ന കൃഷിഭൂമി ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരം ഏറ്റെടുക്കുന്നതിനുള്ള കരാർ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; കൃഷിഭൂമി ആർക്കെല്ലാമാണ് വിട്ടുനൽകുന്നതെന്ന് അറിയിക്കുമോ;

(സി) ഹൈടെക് കൃഷിയിലൂടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## <u>ഭ്രൂണമാറ്റ സാങ്കേതികവിദ്യവഴി മെച്ചപ്പെട്ട ഇനം കന്നുകാലികൾ</u>

*126 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ക്ഷീരകർഷകർക്ക് മികച്ച ബ്രീഡുകളിൽപെട്ട കന്നുകാലികളെ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലിംഗനിർണയം നടത്തിയ ബീജം ഉപയോഗിച്ചുള്ള ബീജദാന പദ്ധതിയാണോ കന്നുകാലികളിൽ നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഭ്രൂണമാറ്റ സാങ്കേതികവിദ്യവഴി മെച്ചപ്പെട്ട ഇനം കന്നുകാലികളെ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഭ്രൂണമാറ്റ സാങ്കേതികവിദ്യയിൽ കേരളത്തിന്റെ തനത് ഇനങ്ങളായ കാസർഗോഡ് കുള്ളൻ, വെച്ചൂർ പശു എന്നിവയെക്കൂടി ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>അന്താരാഷ്ട്ര വിദ്യാർത്ഥികളെ ആകർഷിക്കുവാനുള്ള നടപടികൾ</u>

*127 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീമതി ദലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലേയ്ക്ക് അന്താരാഷ്ട്ര വിദ്യാർത്ഥികളിൽ നിന്നും വിവിധ കോഴ്സുകൾ പഠിക്കുന്നതിന് അപേക്ഷകരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ദേശീയ-രാജ്യാന്തര റാങ്കിംഗുകളിൽ കേരളത്തിലെ സർവ്വകലാശാലകൾ മികവ് തുടരുന്നതും അന്താരാഷ്ട്ര നിലവാരത്തിൽ നാലു വർഷ ബിരുദ പ്രോഗ്രാം നടപ്പാക്കുന്നതും വിദേശത്തു നിന്നുള്ള അപേക്ഷകർ വർദ്ധിക്കുവാൻ സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിദേശ വിദ്യാർത്ഥികളെ ആകർഷിക്കാനുതകുന്ന പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## റോഡ് സുരക്ഷ ഉറപ്പാക്കാൻ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ

*128 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിനുമായി എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത സ്ക്വാഡിന്റെ ചുമതലകൾ വിശദമാക്കുമോ;

(ബി) റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രത്യേകമായ എൻഫോഴ്സ്മെന്റ് ഡ്രൈവുകൾ നടത്തിയിട്ടുണ്ടോ; ആയത് ട്രാഫിക് നിയമലംഘനങ്ങൾ പിടികൂടുന്നതിനും പൊതുജനങ്ങൾക്ക് റോഡ് സുരക്ഷാ നിയമങ്ങളിൽ അവബോധം നൽകുന്നതിനും എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദമാക്കുമോ?

## അടുത്ത തലമുറയിലെ ഉന്നതവിദ്യാഭ്യാസം

*129 **ശ്രീമതി യു പ്രതിഭ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. എ. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത തലമുറയിലെ ഉന്നതവിദ്യാഭ്യാസം എന്ന വിഷയത്തിൽ വിവിധ മേഖലകളിലുള്ള വിദഗ്ദരെ ഉൾപ്പെടുത്തി അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിച്ചിട്ടുണ്ടോ; എന്തെല്ലാം കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോൺക്ലേവിൽ നടന്ന ചർച്ചകളിൽ ഉയർന്നുവന്ന ആശയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ആശയങ്ങൾ പ്രയോഗതലത്തിൽ എത്തിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമോയെന്നും പോസ്റ്റ് കോൺക്ലേവുകൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

## ക്ഷീരമേഖലയിൽ സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി

*130 **ശ്രീ വി ജോയി**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്കും അവരുടെ കുടുംബങ്ങൾക്കും ക്ഷീരസംഘം ജീവനക്കാർക്കുമായി സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്തവർക്ക് പരിരക്ഷ ലഭ്യമാണോ; പദ്ധതിയിൽ ചേരുന്ന കർഷകന് ഇൻഷ്വറൻസ് പ്രീമിയം തുകയിൽ സർക്കാർ ധനസഹായം ലഭ്യമാണോ; വ്യക്തമാക്കുമോ;

(സി) ക്ഷീരകർഷകരുടെ കറവമാടുകളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ?

**<u>സുസ്ഥിര കാർഷിക സമ്പദ് വ്യവസ്ഥ</u>**

*131 **ശ്രീ വി ശശി**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുസ്ഥിര കാർഷിക സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന് നൂതനമായ സാങ്കേതിക ആശയവിനിമയ സംവിധാനങ്ങളുടെ സഹായം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സാങ്കേതികവിദ്യയേയും ആശയവിനിമയ സംവിധാനങ്ങളെയും സംയോജിപ്പിച്ച് കാർഷിക മേഖലയുടെ വിവിധ തലങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കർഷകരുടെയും കർഷക തൊഴിലാളികളുടെയും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

(ഡി) കർഷകരുടെ കൂട്ടായ്മകളെയും കാർഷിക സംരംഭങ്ങളെയും ഒരു കുടക്കീഴിൽ അണിനിരത്തി കാർഷികമേഖല ശക്തിപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>കെ-റെയിൽ പദ്ധതി</u>**

*132 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നും പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം പ്രാഥമിക പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ ഇതിനകം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കെ-റെയിൽ പദ്ധതിയ്ക്കായി ഏകദേശം എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും പ്രസ്തുത തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

## ന്യൂനപക്ഷ സ്കോളർഷിപ്പ് വെട്ടിക്കുറച്ച നടപടി

*133 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് ഫണ്ട് വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം സ്കോളർഷിപ്പ് ഫണ്ട് വെട്ടിക്കുറയ്ക്കുന്നത് ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികളെ എപ്രകാരമാണ് ബാധിക്കുക എന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് ഫണ്ട് വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം പിൻവലിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

## ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്താൻ പഠനം

*134 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് വർഷത്തിനിടെ അഞ്ചിലേറെ അപകടങ്ങളും പത്തിലേറെ മരണവുമുണ്ടാകുന്ന 500 മീറ്റർ റോഡ് മേഖലയെ ആണോ ബ്ലാക്ക് സ്പോട്ട് ആയി കണക്കാക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്താൻ സർക്കാർ ഓരോ വർഷവും പഠനം നടത്തുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പഠനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ അപകടം കുറയ്ക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി. യിലെ ശമ്പളവും പെൻഷനും

*135 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും എല്ലാ മാസവും ആദ്യ ആഴ്ചയിൽ തന്നെ ശമ്പളം/പെൻഷൻ നൽകാൻ കഴിയുന്നുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപ് തന്നെ ശമ്പളം നൽകുമെന്ന സർക്കാരിന്റെ ഉറപ്പ് പാലിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപ് തന്നെ ശമ്പളം/പെൻഷൻ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

## ആശ്വാസകിരണം പദ്ധതിയിലൂടെയുള്ള ധനസഹായം

*136 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധരായ രോഗികളെയും കിടപ്പിലായ വയോധികരെയും കാൻസർ, സെറിബ്രൽ പാൾസി, ഓട്ടിസം, മാനസിക രോഗം, ബുദ്ധിമാന്ദ്യം തുടങ്ങിയവ ബാധിച്ചവരെയും പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതിയിലൂടെ നൽകിവരുന്ന ധനസഹായം കൃത്യമായി വിതരണം ചെയ്യുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ വിതരണം ചെയ്യുന്ന തുച്ഛമായ തുക വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എന്നുമുതൽ വർദ്ധിപ്പിച്ചു നൽകാനാകുമെന്ന് അറിയിക്കുമോ;

(സി) ചലനശേഷിയില്ലാത്ത ഭിന്നശേഷിക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് പ്രത്യേക അതോറിറ്റി സ്ഥാപിക്കണമെന്ന കേന്ദ്രനിർദ്ദേശം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## കാൽനടക്കാരുടെ അലക്ഷ്യമായ റോഡ് ഉപയോഗം

*137 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹനാപകടങ്ങളുടെ പ്രധാന കാരണങ്ങളിലൊന്ന് കാൽനടക്കാരുടെ അലക്ഷ്യമായ റോഡ് ഉപയോഗമാണെന്ന നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാൽനടക്കാരുടെ അലക്ഷ്യമായ റോഡ് ഉപയോഗം നിയന്ത്രിക്കുന്നതിനും കാൽനടയാത്ര കൂടുതൽ സുരക്ഷിതമാക്കുന്നതിനും നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) സുരക്ഷിതമായ റോഡ് ഉപയോഗത്തെക്കുറിച്ച് കാൽനടക്കാർക്ക് ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് സുരക്ഷിതമായ റോഡ് സംസ്കാരം രൂപപ്പെടുത്തുന്നതിനായി അലക്ഷ്യമായി റോഡ് ഉപയോഗിക്കുന്ന കാൽനടക്കാരെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## നിയമലംഘനം നടത്തുന്ന ഇരുചക്രവാഹന ഉടമകൾക്കെതിരെ നടപടി

*138 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എ. കെ. എം. അഷ്‌റഫ്**
**ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നിയമം ലംഘിച്ച് സൈലൻസർ, നമ്പർ പ്ലേറ്റ്, മഡ്ഗാർഡ്, ഇൻഡിക്കേറ്ററുകൾ തുടങ്ങിയവയിൽ രൂപമാറ്റം വരുത്തി ഇരുചക്രവാഹനങ്ങൾ ഓടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അമിത ശബ്ദത്തോടെയും അമിത വേഗതയിലും ഓടിക്കുന്ന വാഹനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(സി) നിയമലംഘനങ്ങൾ നടത്തുന്ന ഇരുചക്ര വാഹന ഉടമകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## വയോജന സ്കിൽ ബാങ്ക്

*139 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ എം മുകേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ കർമശേഷി സമൂഹത്തിനായി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വയോജന സ്കിൽ ബാങ്ക് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, സാമൂഹ്യനീതി, കായികം ഉൾപ്പെടെയുള്ള മേഖലകളിൽ സ്കിൽ ബാങ്കിലൂടെ നിർദ്ദേശം സ്വീകരിക്കാനും പ്രാവർത്തികമാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**സ്വകാര്യ ബസുകളുടെ അന്തർ സംസ്ഥാന സർവ്വീസ്**

*140 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. കെ. ബഷീർ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്കുള്ള നികുതി അടയ്ക്കാതെ സ്വകാര്യ ബസ്സുകൾ അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാരോട് - മുക്കോല ബൈപ്പാസിൽ ചെക്ക്പോസ്റ്റോ മറ്റ് സംവിധാനമോ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ചെക്ക്പോസ്റ്റുകളില്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിച്ച് നികുതി ചോർച്ച ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

**ന്യൂനപക്ഷ യുവജനങ്ങൾക്ക് ഒരു ലക്ഷം തൊഴിലവസരങ്ങൾ**

*141 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. എച്ച്. സലാം**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീമതി കാനത്തിൽ ജമീല** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സമുദായാംഗങ്ങളുടെ ഉന്നമനവും ശാക്തീകരണവും ലക്ഷ്യമിട്ട് 'ന്യൂനപക്ഷ യുവജനങ്ങൾക്ക് ഒരു ലക്ഷം തൊഴിലവസരങ്ങൾ' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) യുവജനങ്ങൾക്ക് വൈവിധ്യമാർന്ന തൊഴിൽപാത തെരഞ്ഞെടുക്കുന്നതിന് പദ്ധതി എത്രത്തോളം സഹായകമാണെന്നറിയിക്കുമോ;

(സി) ന്യൂനപക്ഷ സമുദായങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണത്തിന് പ്രസ്തുത പദ്ധതി എത്രത്തോളം സ്വാധീനം ചെലുത്തുമെന്ന് വ്യക്തമാക്കുമോ?

**പച്ചക്കറിയുടെ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി**

*142 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറിക്ക് വിലക്കയറ്റം ഉണ്ടാകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിലക്കയറ്റത്തിനുള്ള പ്രധാന കാരണം

എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പച്ചക്കറി ഉല്പാദനത്തിൽ സംസ്ഥാനത്തിന് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ;

(സി) പച്ചക്കറിയുടെ വിലക്കയറ്റം നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല

*143 **ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാലയുടെ ആഭിമുഖ്യത്തിൽ ഇപ്പോൾ നടത്തിവരുന്ന ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾ ഏതൊക്കെയാണെന്ന വിശദമാക്കുമോ;

(ബി) പ്രസ്തുത സർവകലാശാലയുടെ എല്ലാ കോഴ്സിനും യു.ജി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ;

(സി) പ്രസ്തുത സർവകലാശാല സംസ്ഥാനത്ത് എവിടെയൊക്കെയാണ് വിദൂരപഠനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്; എല്ലാ ജില്ലകളിലും വിദൂരപഠനകേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സർവകലാശാലയ്ക്ക് കീഴിൽ ഇപ്പോൾ വിവിധ കോഴ്സുകൾക്ക് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

## ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതി

*144 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതികൾക്കായി ഭരണാനുമതി നൽകിയ തുക പകുതിയായി കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഓരോ സ്കോളർഷിപ്പിനും അനുവദിച്ച തുകയുടെയും വെട്ടിക്കുറച്ചതിനു ശേഷമുള്ള തുകയുടെയും വിശദാംശം നൽകുമോ;

(സി) ഇപ്രകാരം തുക വെട്ടിക്കുറയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ഡി) സ്കോളർഷിപ്പ് തുക വെട്ടിക്കുറയ്ക്കുന്നത് ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## പുതിയ കായിക നയം

*145 **ശ്രീ. എം.വിജിൻ**
**ശ്രീ വി ജോയി**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കായികനയം നിലവിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എല്ലാവർക്കും സ്പോർട്സ്, സ്കൂൾതലം മുതൽ കായികവികസനം, ഉന്നതനിലവാരമുള്ള കായിക താരങ്ങളെ വളർത്തിയെടുക്കൽ എന്നിവ കൈവരിക്കുന്നതിന് പ്രസ്തുത നയം എത്രത്തോളം സഹായകമാണെന്ന് വിശദമാക്കുമോ;

(സി) മറ്റെന്തൊക്കെ ലക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് കായിക നയത്തിന് രൂപം നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സ്പോർട്സ് ഇക്കണോമി മിഷൻ എന്ന കാഴ്ചപ്പാട് കായികനയം മുന്നോട്ടുവയ്ക്കുന്നുണ്ടോ; എങ്കിൽ ഇതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ?

**<u>മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണം</u>**

*146 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രക്ഷിതാക്കളുടെ മരണശേഷം അനാഥരാകുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ എണ്ണം വർധിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനുവേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) മറ്റുള്ളവരുടെ ആശ്രയമില്ലാതെ ജീവിതം അസാധ്യമായ മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി ആശ്രയകേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ</u>**

*147 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) അശാസ്ത്രീയമായ റോഡ് നിർമ്മാണവും വളവുകളിൽ ബാങ്കിങ് ഓഫ് കർവ് ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതും അപകടങ്ങൾക്ക് കാരണമാകുന്നു എന്നതു വസ്തുതയാണോ; വ്യക്തമാക്കുമോ;

(സി) ബ്ലാക്ക് സ്പോട്ടുകളും അശാസ്ത്രീയമായി നിർമ്മിച്ച റോഡുകളും ബാങ്കിങ് ഓഫ് കർവ് ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ പാലിക്കാത്ത വളവുകളും കണ്ടെത്തി അപകടം കുറയ്ക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## <u>റബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി</u>

*148 **ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ നയസമീപനവും പ്രതികൂല കാലാവസ്ഥയും മൂലം റബർ കർഷകർ നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് റബറിന് മികച്ച വിലകിട്ടാനുള്ള സാധ്യതയുണ്ടെങ്കിലും അത് പ്രാവർത്തികമാക്കാൻ ടയർ കമ്പനികളും ഇടനിലക്കാരും സമ്മതിക്കുന്നില്ല എന്ന പരാതിയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ഡി) റബർ സംഭരണം വർധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## <u>ട്രെയിൻ യാത്രാദുരിതം പരിഹരിക്കുന്നതിന് നടപടി</u>

*149 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രെയിൻ യാത്രാദുരിതം ദിനംദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ മേൽപ്പറഞ്ഞ ആവശ്യങ്ങളിന്മേൽ ഏതെല്ലാം 2025-26-ലെ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് സർവ്വീസ് നടത്തിയിരുന്ന പാസഞ്ചർ ട്രെയിനുകൾ പലതും നിർത്തലാക്കിയതും ദീർഘദൂര ട്രെയിനുകളിലെ സ്ലീപ്പർ കോച്ചുകളുടെ എണ്ണം

കുറയ്ക്കുന്നതും കാരണം ട്രെയിൻ യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) അതിവേഗ ട്രെയിനുകൾ ലാഭകരമാക്കുന്നതിനായി എക്സ്പ്രസ്സ്, സൂപ്പർഫാസ്റ്റ് ട്രെയിനുകളിലെ കോച്ചുകളുടെ എണ്ണം കുറയ്ക്കുകയും അവിചാരിതമായി ട്രിപ്പുകൾ നിർത്തലാക്കുകയും ചെയ്യുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) നിലവിൽ സർവ്വീസ് നടത്തുന്ന ട്രെയിനുകളിലെ ജനറൽ, സ്ലീപ്പർ കമ്പാർട്ടുമെന്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ എക്സ്പ്രസ്സ്, സൂപ്പർഫാസ്റ്റ് ട്രെയിനുകൾ അനുവദിക്കുന്നതിനും ആവശ്യമായ എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ?

## സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ

*150 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സജീവ് ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള കോളേജ് സ്പോർട്സ് ഹോസ്റ്റലുകളിൽ ഫുഡ് അലവൻസ് ഇനത്തിൽ നൽകേണ്ട തുക കുടിശികയായതുമൂലം പ്രസ്തുത ഹോസ്റ്റലുകളുടെ പ്രവർത്തനം പ്രതിസന്ധിയിലായ സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 ഫെബ്രുവരി 4, ചൊവ്വ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].